"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പള്ളിപ്പുറം പരുതൂർ ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) കണക്ക് ശ്രീ. സുനോജ് പി. സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.8581/2022/GEDN തീയതി,തിരുവനന്തപുരം, 27-12-2022

പരാമർശം:- പാലക്കാട് പള്ളിപ്പുറം പരുതൂർ ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) കണക്ക് ശ്രീ. സുനോജ് പി.യുടെ 31/03/2022-ലെ പുന:പരിശോധനാ ഹർജി.

**ഉത്തരവ്**

പാലക്കാട് പള്ളിപ്പുറം പരുതൂർ ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ)കണക്ക് ശ്രീ. സുനോജ് പി.ക്ക് ഹൈസ്കൂൾ ടീച്ചറിൽ നിന്നും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനം നൽകിയപ്പോൾ ടിയാൻ ഹൈസ്കൂൾ ടീച്ചർ തസ്തികയിൽ വാങ്ങിയിരുന്ന അടിസ്ഥാന ശമ്പളവും ഇൻക്രിമെന്റ് തീയതിയും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) തസ്തികയിലും സംരക്ഷിച്ച് നൽകിയിരുന്നു. എന്നാൽ 04/08/2018 തീയതിയിലെ റ്റി3/29/2018/പൊവിവ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം) പുറപ്പെടുവിച്ച 20/11/2021 എ.സി.ഡി.എ.4/216441/2021/എച്ച്എസ്സ്ഇ കത്തിൽ, കെ.എസ്.ആർ ഭാഗം 1 ചട്ടം 37 ബി പ്രകാരം ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്കുള്ള സ്പെഷ്യൽ റൂൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് മുൻ തസ്തികയിൽ വാങ്ങി വന്ന അടിസ്ഥാന ശമ്പളം മാത്രമാണ് പുതിയ തസ്തികയിലെ ശമ്പളസ്കെയിലിൽ സംരക്ഷിച്ച് ലഭിക്കുന്നതിന് അർഹതയുള്ളതെന്നും, മുൻ തസ്തികയിലെ ഇൻക്രിമെന്റ് തീയതി പുതിയ തസ്തികയിലെ ശമ്പള സ്കെയിലിൽ സംരക്ഷിച്ച് നൽകുന്നതിന് അർഹതയില്ലെന്നും നിർദ്ദേശിച്ചു.

2. അതിനാൽ ടി നിർദ്ദേശം മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ 16/02/2022 തീയതിയിലെ F/4813/2021/RDD/HSE/MLPM കത്ത് പ്രകാരം എല്ലാ സ്കൂൾ പ്രിൻസിപ്പൽമാർക്കും നൽകുകയും, ആയതനുസരിച്ച് പാലക്കാട് പള്ളിപ്പുറം പരുതൂർ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ 15/03/2022 തീയതി കത്ത് പ്രകാരം ടി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) ആയ ഹർജിക്കാരൻ ടി തെറ്റായ ഫിക്സേഷനിലൂടെ അധികമായി വാങ്ങിയ ശമ്പളം തിരികെ അടയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ടി നിർദ്ദേശം

20/01/2016 തീയതിയിലെ സ.ഉ(അച്ചടി) നം. 7/2016/ധന ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ III ചട്ടം 7-ലെ വ്യവസ്ഥകൾക്ക് എതിരാണെന്നും ആയതിനാൽ ഹൈസ്കൂൾ ടീച്ചറിൽ നിന്നും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനം മൂലമുള്ള തന്റെ ശമ്പള നിർണ്ണയം കെ എസ്സ് ആർ ഭാഗം-I , ചട്ടം 30 പ്രകാരം അനുവദിച്ച് ഹൈസ്കൂൾ ടീച്ചർ തസ്തികയിലെ ഇൻക്രിമെന്റ് തീയതി ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) തസ്തികയിലും സംരക്ഷിച്ച് നൽകണമെന്നും ആവശ്യപ്പെട്ടാണ് ശ്രീ. സുനോജ് പി. സൂചന പുന:പരിശോധനാ ഹർജി സമർപ്പിച്ചിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം ബന്ധപ്പെട്ട ചട്ടങ്ങൾ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 20/01/2016 തീയതിയിലെ സ.ഉ(അച്ചടി) നം. 7/2016/ധന ശമ്പള പരിഷ്കരണ ഉത്തരവിൽ ശിപാർശ ചെയ്തിരിക്കുന്ന സമയബന്ധിത ഹയർ ഗ്രേഡുകളുടെ ശമ്പള സ്കെയിൽ ആയതിന് ആനുപാതികമായിട്ടുള്ള റഗുലർ പ്രമോഷൻ തസ്തികയുടെ ശമ്പള സ്കെയിലിനേക്കാൾ കൂടുതലാണെങ്കിൽ താഴ്ന്ന തസ്തികയുടെയും പ്രമോഷൻ തസ്തികയുടെയും ആകെ സർവ്വീസ് കണക്കാക്കി ടി ശമ്പള പരിഷ്കരണ ഉത്തരവിൽ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിയ്ക്കാൻ വ്യവസ്ഥ ചെയ്യുന്ന നിശ്ചിത യോഗ്യതാകാലം പൂർത്തിയാകുമ്പോൾ യഥാക്രമമുള്ള സമയബന്ധിത ഹയർ ഗ്രേഡുകളുടെ ശമ്പള സ്കെയിൽ അനുവദിക്കാമെന്നും, ആയതിന് കെ എസ്സ് ആർ ഭാഗം-I ചട്ടം 30 പ്രകാരമുള്ള ശമ്പള നിർണ്ണയം അനുവദിക്കാമെന്നുമാണ് ടി ശമ്പള പരിഷ്കരണ ഉത്തരവിന്റെ അനക്സർ III-ലെ ചട്ടം 7-ൽ വ്യവസ്ഥ ചെയ്യുന്നത്.

4. ഇവിടെ ഹർജിക്കാരന് ഹൈസ്കൂൾ ടീച്ചറിൽ നിന്നും ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ) തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനമായതിനാൽ ഹർജിക്കാരൻ വാദിക്കുന്നത് പോലെ ടി വ്യവസ്ഥ ആയതിന് ബാധകമാക്കാൻ കഴിയില്ല. കെ.എസ്.ആർ ഭാഗം 1 ചട്ടം 37 ബി പ്രകാരം ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്കുള്ള സ്പെഷ്യൽ റൂൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് മുൻ തസ്തികയിൽ വാങ്ങി വന്ന അടിസ്ഥാന ശമ്പളം പുതിയ തസ്തികയിലെ ശമ്പള സ്കെയിലിൽ സംരക്ഷിച്ച് ലഭിക്കുന്നതിന് അർഹതയുണ്ടെങ്കിലും അപ്രകാരം ശമ്പള സംരക്ഷണം അനുവദിക്കുമ്പോൾ പുതിയ തസ്തികയിൽ ഒരു വർഷം പൂർത്തിയാകുന്ന മുറയ്ക്കാണ് അടുത്ത ഇൻക്രിമെന്റിന് അർഹതയുണ്ടാകുന്നത്. ഹർജിക്കാരന്റെ നിയമനം ഉയർന്ന ശമ്പള സ്കെയിലിൽ നിന്നും താഴ്ന്ന ശമ്പള സ്കെയിലിലേക്കുള്ള സ്പെഷ്യൽ റൂൾ പ്രകാരമുള്ള തസ്തികമാറ്റ നിയമനമായതിനാൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 37 ബി യാണ് ടിയാന് ബാധകമാകുന്നത്.

5. ആയതനുസരിച്ച് ഹൈസ്കൂൾ ടീച്ചർ(മാത്സ്) തസ്തികയിൽ ഹർജിക്കാരൻ വാങ്ങി വന്ന അടിസ്ഥാന ശമ്പളമായ 51600/- രൂപ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ)(മാത്സ്) തസ്തികയുടെ 32300-68700 ശമ്പള സ്കെയിലിൽ സംരക്ഷിച്ച് നൽകിയ നടപടി ക്രമപ്രകാരമാണെങ്കിലും ടിയാന്റെ അടുത്ത ഇൻക്രിമെന്റ് 01.03.2018 ആയി അനുവദിച്ച് നൽകിയ നടപടി ക്രമപ്രകാരമല്ല. ടിയാൻ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ)(മാത്സ്) തസ്തികയിൽ ഒരു വർഷം പൂർത്തിയാകുന്ന 05.02.2019 തീയതിയിലാണ് ടിയാന് അടുത്ത ഇൻക്രിമെന്റിന് അർഹത. ആയതിനാൽ, പാലക്കാട് പള്ളിപ്പുറം പരുതൂർ ഹയർ സെക്കന്ററി സ്കൂളിലെ ഹയർ

സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ)(കണക്ക്) ശ്രീ. സുനോജ് പി.യുടെ പരാമർശത്തിലെ പുന:പരിശോധനാ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ടി പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ,(ഹയർ സെക്കന്ററി വിഭാഗം),
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപമേധാവി,
സിവിൽ സ്റ്റേഷൻ, മലപ്പുറം
മാനേജർ, പരുതൂർ ഹയർ സെക്കന്ററി സ്കൂൾ, കാരമ്പത്തൂർ പി ഒ,
പള്ളിപ്പുറം, പാലക്കാട്.
പ്രിൻസിപ്പൽ, പരുതൂർ ഹയർ സെക്കന്ററി സ്കൂൾ, കാരമ്പത്തൂർ പി.ഒ.,
പള്ളിപ്പുറം, പാലക്കാട്.
ശ്രീ. സുനോജ് പി., ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(ജൂനിയർ)(മാത്സ്)
പരുതൂർ ഹയർ സെക്കന്ററി സ്കൂൾ, കാരമ്പത്തൂർ പി ഒ, പള്ളിപ്പുറം,
പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 29-12-2022 10:42:45**
സെക്ഷൻ ഓഫീസർ